05/01/22


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 184(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2008/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 16.12.2021**

ശ്രീ. ഫിലിപ്പ് മാത്യു,
സാമ്പ്രിക്കൽ വീട്,
കല്ലൂപ്പാറ പി.ഒ,
തിരുവല്ല വഴി,
പത്തനംതിട്ട – 689 583.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി,
   കവിയൂർ ഗ്രാമപഞ്ചായത്ത്,
   കവിയൂർ പി.ഒ, തിരുവല്ല,
   പത്തനംതിട്ട – 689 582.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്,
   പത്തനംതിട്ട.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/03/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഫിലിപ്പ് മാത്യൂ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്റെ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 07.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ വസ്തുവിനോട് ചേർന്ന് അനിൽ എന്ന വ്യക്തി നിർമ്മിക്കുന്ന കെട്ടിടം പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണോ നിർമ്മിക്കുന്നത് എന്നാണ്.

3. ഹർജിക്കാരന്റെ 07.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 24.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 03.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 27.01.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 15.03.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടാണ് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും എസ്.പി.ഐ.ഒ യുടെ വസ്തുതാ വിവരണ പത്രികയിലൂടെ അറിയിച്ചത് നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടി കെട്ടിടം നിർമ്മാണങ്ങളും ചട്ടങ്ങളും അനുസരിച്ചാണോ നിർമ്മിക്കുന്നത് എന്നറിയുന്നതിന് സ്ഥല പരിശോധന ആവശ്യമാണെന്നും വിവരാവകാശ നിയമപ്രകാരം ഓഫീസിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മറുപടി നൽകേണ്ടതിനാലാണ് ടി അപേക്ഷയ്ക്ക് എൽ.എസ്.ജി.ഡി വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തി

നുള്ള പെർമിറ്റ് നൽകിയിരിക്കുന്നത് എന്നും വിവരാവകാശ നിയമപ്രകാരം ലഭ്യമായ വിവരങ്ങൾ നൽകുക മാത്രമാണ് വിവക്ഷിക്കുന്നതെന്നും മറ്റ് പരാതികൾ നിലവിലെ ഭരണസംവിധാനം വഴിയായോ ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട പഞ്ചായത്ത് ഭരണസമിതി വഴിയായോ പരിഹരിക്കാൻ ശ്രമിക്കുന്നത് പ്രശ്നപരിഹാരത്തിന് സഹായകമാകുമെന്ന് അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, 15.03.2021 തീയതി വച്ച് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടികൾ നൽകിയിരിക്കുന്നതായി കാണുന്നു. എന്നാൽ ടി മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്നാണ് എസ്.പി.ഐ.ഒ യുടെ മൊഴിയിൽ പറയുന്നത്. ഹർജിക്കാരന്റെ വസ്തുവിനോട് ചേർന്ന് അനിൽ എന്ന വ്യക്തി നിർമ്മിക്കുന്ന കെട്ടിടം പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണോ നിർമ്മിക്കുന്നത് എന്നാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിന് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എൽ.എസ്.ജി.ഡി വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും നിയമപ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട് എന്നാണ് എസ്.പി.ഐ.ഒ യുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ടിയാന്റെ ചോദ്യത്തിന് പ്രസ്തുത കെട്ടിടം പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണോ അല്ലയോ എന്ന് വ്യക്തമാക്കി ഉത്തരം ലഭ്യമാക്കണം എന്നാണ് ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടത്. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകത്ത് ടിയാന് നൽകേണ്ടതും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 16–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm